. 26116

**കേരള സർക്കാർ**

സംഗ്രഹം

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്ക് വടകരപ്പതി വില്ലേജിൽ ബ്ലോക്ക് 24 ൽ സ.നം.102/1 ൽ പ്പെട്ട 2.3720 ഹെക്ടർ, 104/1 ൽ പ്പെട്ട 1.4210 ഹെക്ടർ ഉൾപ്പെടെ ആകെ 3.793 ഹെക്ടർ പാറ പുറമ്പോക്ക് ഭൂമി, സർക്കാർ പാറ യാതൊരു വിധത്തിലുള്ള ഖനനത്തിനോ രൂപാന്തരം വരുത്തുകയോ ചെയ്യില്ല എന്ന വ്യവസ്ഥയിലും പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വടകരപ്പതി വില്ലേജിൽ ബ്ലോക്ക് നം. 25, സർവ്വെ നം. 232/1/1, 232/2, 230/4/1, 231/1 എന്നിവയിൽ പ്പെട്ട 3.7870 ഹെക്ടർ സ്ഥലം സർക്കാരിലേക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് വേണ്ടി ലഭ്യമാക്കുന്ന മുറയ്ക്കും ഏക്കറിന് 100/- രൂപ എന്ന വാർഷിക പാട്ടം നിശ്ചയിച്ച് 30 വർഷത്തേയ്ക്ക് കൈരളി ഹെറിറ്റേജ് സെന്ററിന് ശില്പ ഉദ്യാനം നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (എൽ) വകുപ്പ്**

ജി.ഒ.(എം.എസ്) നമ്പർ 261/2015/റവ തീയതി, തിരുവനന്തപുരം, 19.06.2015

---

പരാമർശം:- 1) ലാന്റ് റവന്യൂ കമ്മീഷണറുടെ 12.09.2013 ലെ എൽ.ആർ.(ജെ5)-36316/2013 നമ്പർ കത്ത്.

2) ലാന്റ് റവന്യൂ കമ്മീഷണറുടെ 30.09.2014 ലെ എൽ.ആർ.(കെ4)-36316/2013 നമ്പർ കത്ത്.

3) പാലക്കാട് ജില്ലാ കളക്ടറുടെ 29.05.2015 ലെ എൽ.ആർ.ജി- 11(2)--2013/22790/9 നമ്പർ കത്ത്

OFFICE OF THE COMMISSIONER OF LAND REVENUE RECEIVED 22 JUN 2015 THIRUVANANTHAPURAM

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വടകരപ്പതി വില്ലേജിൽ ബ്ലോക്ക് 24 ൽ സ.നം.102/1 ൽപ്പെട്ട 2.3720 ഹെക്ടർ, 104/1 ൽപ്പെട്ട 1.4210 ഹെക്ടർ ഉൾപ്പെടെ 3.793 ഹെക്ടർ പാറ പുറമ്പോക്ക് ഭൂമി കൈരളി ഹെറിറ്റേജ് സെന്ററിന് ശില്പ ഉദ്യാനം (റോക്ക് ഗാർഡൻ & സ്കൽച്ചർ പാർക്ക്) നിർമ്മിക്കുന്നതിന് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ പരാമർശം (1) ഉം (2) ഉം കത്തുകൾ പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത 3.793 ഹെക്ടർ ഭൂമിയ്ക്ക് പകരം പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വടകരപ്പതി വില്ലേജിൽ ബ്ലോക്ക് നം. 25, സർവ്വെ നം. 232/1/1, 232/2, 230/4/1, 231/1 എന്നിവയിൽ പ്പെട്ട 3.7870 ഹെക്ടർ സ്ഥലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് നൽകാൻ കൈരളി ഹെറിറ്റേജ് സെന്റർ തയ്യാറാണ് എന്നും ടി ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് അനുയോജ്യമാണെന്നും പരാമർശം (3) കത്ത് പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്ക് വടകരപ്പതി വില്ലേജിൽ ബ്ലോക്ക് 24 ൽ സ.നം.102/1 ൽപ്പെട്ട 2.3720 ഹെക്ടർ, 104/1 ൽ പ്പെട്ട 1.4210 ഹെക്ടർ ഉൾപ്പെടെ ആകെ 3.793 ഹെക്ടർ പാറ പുറമ്പോക്ക് ഭൂമി, സർക്കാർ പാറ യാതൊരു വിധത്തിലുള്ള ഖനനത്തിനോ രൂപാന്തരം വരുത്തുകയോ ചെയ്യില്ല എന്ന വ്യവസ്ഥയിലും പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ വടകരപ്പതി വില്ലേജിൽ ബ്ലോക്ക് നം. 25, സർവ്വെ നം. 232/1/1, 232/2, 230/4/1, 231/1 എന്നിവയിൽ പ്പെട്ട 3.7870 ഹെക്ടർ സ്ഥലം സർക്കാരിലേക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക വേണ്ടി ലഭ്യമാക്കുന്ന മുറയ്ക്കും, ഏക്കറിന് 100/- രൂപ എന്ന വാർഷിക പാട്ടം നിശ്ചയിച്ച് 30 വർഷത്തേയ്ക്ക് കൈരളി ഹെറിറ്റേജ് സെന്ററിന് ശില്പ ഉദ്യാനം നിർമ്മിക്കുന്നതിന് നിലവിലുള്ള പാട്ട നിബന്ധനകൾക്കും താഴെ പറയുന്ന മറ്റു വ്യവസ്ഥകൾക്കും വിധേയമായി പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1) ഭൂമി ഉപപാട്ടത്തിന് നൽകാനോ, അന്യാധീനപ്പെടുത്തുവാനോ, പണയപ്പെടുത്തുവാനോ, കൈമാറ്റം ചെയ്യുവാനോ പാടില്ല;

2) ഭൂമി അനുവദിക്കുന്ന ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ;

3) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

4) പാട്ടവാടക അതാതു സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസത്തിൽ തന്നെ അടയ്ക്കേണ്ടതാണ്;

5) ഏതൊരു കൈയ്യേറ്റത്തിൽ നിന്നും ഭൂമി സംരക്ഷിച്ചു നിർത്തേണ്ട ചുമതല കൈരളി ഹെറിറ്റേജ് സെന്ററിന് ആയിരിക്കും;

6) അനുവദിക്കുന്ന ഭൂമിയിലുള്ള മരങ്ങൾ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി കൂടാതെ മുറിക്കുവാനോ, നീക്കം ചെയ്യുവാനോ പാടുള്ളതല്ല.

7) മേൽപ്പറഞ്ഞ നിബന്ധനകളേതെങ്കിലും ലംഘിച്ചാൽ പ്രസ്തുത ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർനടപടികൾ പാലക്കാട് ജില്ലാകളക്ടർ സ്വീകരിക്കേണ്ട താണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ഡോ.വിശ്വാസ് മേത്ത
പ്രിൻസിപ്പൽ സെക്രട്ടറി.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട് (റിക്കാർഡുകൾ സഹിതം)
മാനേജിംഗ് ഡയറക്ടർ, കൈരളി ഹെറിറ്റേജ് സെന്റർ, കൊഴിപ്പാറ പി.ഒ., പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്/കേരള, തിരുവനന്തപുരം
ധനകാര്യ (എക്സ്പെന്റിച്ചർ.എ) വകുപ്പ്
സാംസ്കാരികകാര്യ (എ) വകുപ്പ്
വിനോദസഞ്ചാര വകുപ്പ്
പൊതുഭരണ (എസ്.സി. ) വകുപ്പ്
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Biju

സെക്ഷൻ ഓഫീസർ